പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ. *83

25.01.2018 -ലെ മറുപടിയ്ക്ക്

## തോട്ടം തൊഴിലാളി ക്ഷേമ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.രാജു എബ്രഹാം<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. സി.കെ.ശശീന്ദ്രൻ<br>ശ്രീ.ഡി.കെ.മുരളി : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളി വേതന പരിഷ്കരണ കരാറിന്റെ കാലാവധി തീരുന്നത് എന്നാണെന്ന് അറിയിക്കാമോ; കരാർ പുതുക്കാൻ വേണ്ട നടപടി ആരംഭിച്ചിട്ടുണ്ടോ; | എ) 1948 - ലെ മിനിമം വേതന നിയമപ്രകാരം നിശ്ചയിക്കപ്പെട്ട മിനിമം വേതന വിജ്ഞാപനത്തിന് പരമാവധി 5 വർഷംവരെ കാലാവധിയാണുള്ളത്. എന്നാൽ മുൻപ് ചില അവസരങ്ങളിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി ഉണ്ടാക്കിയിട്ടുള്ള സെറ്റിൽമെന്റ് അനുസരിച്ച് കാലാവധി 3 വർഷമായും നിശ്ചയിച്ചിരുന്നു. തോട്ടം മേഖലയിൽ 18.05.2016-ലെ എസ്.ആർ.ഒ 374 പ്രകാരം 01.07.2015 മുതൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. മിനിമം വേതന നിയമപ്രകാരം കരാർ പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടില്ല. |
| ബി) തോട്ടം തൊഴിലാളി കുടുംബങ്ങൾക്ക് വാസസ്ഥലം നൽകേണ്ടത് നിയമപ്രകാരം തോട്ടം ഉടമകളുടെ ഉത്തരവാദിത്തമാണെങ്കിലും, നിലവിലുള്ള ലയങ്ങളുടെ ദു:സ്ഥിതി കണക്കിലെടുത്ത് തോട്ടം തൊഴിലാളികൾക്കായി പ്രഖ്യാപിച്ച പ്രത്യേക ഭവന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ; | ബി) തോട്ടം മേഖലയിൽ ഭവനം പദ്ധതി നടപ്പിലാക്കുന്നതിനായി ഭവനം ഫൗണ്ടേഷൻ ഓഫ് കേരളയ്ക്ക് 2013-14 സാമ്പത്തിക വർഷം 20 കോടി രൂപയും 2016-17 സാമ്പത്തിക വർഷം 2.5 കോടി രൂപയും 2017-18 സാമ്പത്തിക വർഷം 5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നത് സംബന്ധിച്ച രൂപരേഖ സർക്കാരിന്റെ പരിഗണനയിലുമാണ്. |
| സി) തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യവും ചികിത്സാ സഹായവും ലഭ്യമാണോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ? | സി) തോട്ടം തൊഴിലാളികൾക്ക് നിലവിൽ ഇ.എസ്.ഐ ആനുകൂല്യവും ചികിത്സാ സഹായവും ലഭ്യമല്ല. തോട്ടം മേഖലയിലെ തൊഴിലാളികൾക്കുകൂടി ഇ.എസ്.ഐ സൗകര്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ ഇ.എസ്.ഐ കോർപ്പറേഷനുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരികയാണ്. |

Sreelekha

സെക്ഷൻ ഓഫീസർ